# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4835 — 19/05/2017-ൽ മറുപടിയ്ക്ക്

**മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അടച്ച തുക തിരികെ ലഭിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>(ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികളുടെ പേരിൽ അടച്ച തുക തിരികെ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുതകാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും ഉണ്ട് |
| (സി) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ; | (സി) കേരള മോട്ടോർതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ ഓഫീസുകളിൽ തൊഴിലാളികളുടെ പേരിൽ അടച്ച തുക തിരികെ ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ റീഫണ്ട് പാസാക്കുന്നതിന് റീഫണ്ട് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ചീഫ് ഓഫീസിലേക്ക് അയയ്ക്കുകയാണ് ചെയ്തുവന്നിരുന്നത്. ഇത്തരത്തിൽ 14 ജില്ലകളിലെയും റീഫണ്ട് അപേക്ഷകൾ ചീഫ് ഓഫീസിലേക്ക് അയയ്ക്കുന്നതിനാൽ റീഫണ്ട് അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ജീവനക്കാരുടെ എണ്ണം തുലോം കുറവായതിനാൽ റീഫണ്ട് അപേക്ഷകൾ പാസാക്കി നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05/10/2016 ലെ 10/16 നമ്പർ സർക്കുലർ പ്രകാരം റീഫണ്ട് അപേക്ഷകൾ തീർപ്പ് കല്പിക്കുന്നതിനുള്ള അധികാരം അതാത് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരിൽ നിക്ഷിപ്തമാക്കുക യുണ്ടായി. ടി തീരുമാനം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് |

പുന:സംഘടിപ്പിക്കപ്പെടാതിരുന്ന കാലയള വിലായതിനാൽ ടി ബോർഡ് നിലവിൽ വന്ന ശേഷം അതിന്റെ ഒരു സബ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയും കമ്പൈലേഷൻ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്നതിനാൽ തല്ക്കാലം റീഫണ്ട് ജില്ലകളിലേക്ക് മാറ്റേണ്ടതില്ലെന്നും ചീഫ് ഓഫീസിൽ തന്നെ പാസാക്കി നൽകിയാൽ മതിയെന്നുമുള്ള തീരുമാനം ബോർഡ് അംഗീകരിക്കുകയും ചെയ്തു. അപ്രകാരം വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് ജില്ലാ ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെയും മനുഷ്യപ്രവൃത്തി ദിനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വരെയും റീഫണ്ട് അപേക്ഷകൾ പാസാക്കുന്നതിലേക്കായി നിയോഗിച്ച് കൊണ്ടും അവധി ദിനങ്ങൾ കൂടി വിനിയോഗിച്ചുകൊണ്ടും ഒരു സ്പെഷ്യൽ ഡ്രൈവ് ആയി റീഫണ്ട് അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) പരിഗണനയിലുള്ള അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകളിൽ എന്നത്തേക്ക് തീരുമാനമെടുക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

(ഡി) ജില്ലാ ഓഫീസുകളിൽ 11.05.2017 തീയതി വരെ ലഭിച്ചിട്ടുള്ള 3428 അപേക്ഷകളും ചീഫ് ഓഫീസിൽ നിലവിൽ തീർപ്പാക്കാനുള്ള 1522 അപേക്ഷകളും ഉൾപ്പെടെ ആകെ 4950 റീഫണ്ട് അപേക്ഷകൾ പാസ്സാക്കി നല്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കി വരുന്നുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ